**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - പ്രളയം 2018-ലെ പ്രളയക്കെടുതിയിൽ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിയ്ക്കുന്നത്- ദുരിതാശ്വാസം നൽകുന്നതിന് വീടുകളുടെ കണക്കെടുപ്പ് - അപ്പീലുകൾ തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങളും അപ്പീലുകൾ സമർപ്പിയ്ക്കുന്നതിനുള്ള അവസാന തീയതി ദീർഘിപ്പിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(എം.എസ്) **നം.16/2019/ഡി.എം.ഡി.** തീയതി, തിരുവനന്തപുരം **21/06/2019**

---

പരാമർശം: 1. സ.ഉ.(കൈ)നം.18/2018/ഡി.എം.ഡി. തീയതി 03/09/2018

2. സ.ഉ.(സാധാ)നം.627/2018/ഡി.എം.ഡി. തീയതി 22/11/2018

3. 09.01.2019-ലെ WP(C)28093/2018 നമ്പർ ഇടക്കാല ഉത്തരവ്.

**ഉത്തരവ്**

2018-ലെ അതിരൂക്ഷമായ പ്രളയ ദുരന്തത്തിൽ നഷ്ടപ്പെട്ടതും കേടുപാടുകൾ സംഭവിച്ചതുമായ വീടുകളുടെ പുനർനിർമ്മാണത്തിനായി കണക്കെടുപ്പ് വേഗം നടത്തേണ്ടതുണ്ടെന്ന് സർക്കാർ വിലയിരുത്തുന്നതിന്റെ പശ്ചാത്തലത്തിൽ വീടുകളുടെയും കടകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും നാശനഷ്ടങ്ങളുടെ ഡിജിറ്റൽ അടിസ്ഥാന വിവര ശേഖരണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. വിവര ശേഖരണവും ക്രോഡീകരണവും പരിശോധനയും കമ്പ്യൂട്ടറധിഷ്ഠിതമായി വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി ദുരന്ത ബാധിതമായ എല്ലാ വീടുകളുടെയും നിലവിലുള്ള സ്ഥിതി ഒരു mobile app വഴി കെട്ടിടത്തിന്റെ അഥവാ സ്ഥലത്തിന്റെ ഫോട്ടോഗ്രാഫ് അടക്കം എത്രയും വേഗം രേഖപ്പെടുത്തി ലഭ്യമാക്കുന്നതിനുള്ള നടപടി ആരംഭിക്കേണ്ടതും ഇങ്ങനെ തയ്യാറാക്കുന്ന ഡിജിറ്റൽ അടിസ്ഥാന വിവരശേഖരണം തദ്ദേശസ്വയംഭരണ സ്ഥാപനതല എഞ്ചിനീയർമാരും അവരെ സഹായിക്കാനായി രൂപീകരിക്കുന്ന പ്രാദേശിക സാങ്കേതിക വിദഗ്ധർ അടങ്ങുന്ന പാനലിനെ ഏൽപ്പിക്കേണ്ടതാണെന്നും അവർ നേരിട്ട് നടത്തുന്ന പരിശോധനയുടെയും നാശനഷ്ട വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിക്കുന്ന നഷ്ടപരിഹാരം അനുവദിക്കുകയും ചെയ്യുന്നതാണെന്നും മേൽ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു

2) നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയത്തിൽ തർക്കമുണ്ടായാൽ പരാമർശം (2)ൽ അനുശാസിക്കുന്ന പ്രകാരം അപ്പീൽ നൽകുന്നതിനായി ജില്ലാകളക്ടറെ അപ്പലേറ്റ് അതോറിറ്റിയായി നിയമിച്ചിട്ടുള്ളതും പരാമർശം (3) ലെ ബഹു:ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം അപ്പീൽ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായി 2019 ജനുവരി 31 ആയി നിജപ്പെടുത്തിയിട്ടുള്ളതുമാണ്.

3. എന്നാൽ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, വയനാട് ജില്ലകളിൽ നിന്നും ഹൈക്കോടതി നിർണ്ണയിച്ചിരുന്ന 31/01/2019 എന്ന അവസാന തീയതിയ്ക്കുശേഷവും 27,432 അപ്പീലുകൾ വീടുകളുടെ നാശനഷ്ടം സംബന്ധിച്ച് ലഭിച്ചിട്ടുള്ളതായും ടി ജില്ലകൾ ഇവ പരിശോധിക്കുകയും അംഗീകരിക്കുകയും

ചെയ്തിട്ടുള്ളതായും ബഹു ഭൂരിപക്ഷം അപ്പീലുകളും പരിശോധിക്കാതെ അവശേഷിക്കുന്നതായും നിരവധി അപേക്ഷകൾ വീണ്ടും ലഭ്യമാകുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് അപ്പീലുകൾ തീർപ്പാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

(1) 2018-ലെ പ്രളയത്തിൽ തകർച്ച നേരിട്ട വീടുകളുടെ നാശനഷ്ടം സംബന്ധിച്ച് 31/03/2019 വരെ ലഭിച്ച അപ്പീലുകൾ അംഗീകൃത നടപടിക്രമം അനുസരിച്ച് പരിശോധിക്കുകയും തീർപ്പാക്കുകയും, അനുവദനീയമായി കാണുന്നെങ്കിൽ തുക നൽകി തീർപ്പാക്കുവാനും ജില്ലാ കളക്ടർമാർക്ക് അനുമതി നൽകുന്നു.

(2) 2018-ലെ പ്രളയത്തിൽ തകർച്ച നേരിട്ട വീടുകളുടെ നാശനഷ്ടം സംബന്ധിച്ച് 31/03/2019-ന് ശേഷം ലഭിച്ചിട്ടുള്ള അപ്പീലുകൾ ജില്ലാകളക്ടർ തലത്തിൽ നേരിട്ട് ഒരു കമ്മിറ്റി രൂപീകരിച്ച് പരിശോധിക്കുകയും, പ്രസ്തുത അപേക്ഷകളിൽ പ്രാഥമികമായി സത്യസന്ധമെന്ന് കാണുന്നവ മാത്രം തുടർ പരിശോധന നടത്തുകയും അംഗീകൃത നടപടിക്രമം അനുസരിച്ച് തീർപ്പാക്കുകയും, അനുവദനീയമായി കാണുന്നെങ്കിൽ തുക നല്കി തീർപ്പാക്കുവാനും ജില്ലാ കളക്ടർമാർക്ക് അനുമതി നൽകുന്നു. കമ്മിറ്റിയുടെ ഘടന ജില്ലാ കളക്ടർ (ചെയർമാൻ), തദ്ദേശ സ്വയം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ, പൊതുമരാമത്ത് എക്സിക്യൂട്ടീവ് എൻജിനീയർ, ലൈഫ് മിഷൻ കോർഡിനേറ്റർ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (കൺവീനർ) എന്ന രീതിയിൽ ആകേണ്ടതാണ്.

(3) 2018-ലെ പ്രളയത്തിൽ തകർച്ച നേരിട്ട വീടുകളുടെ നാശനഷ്ടം സംബന്ധിച്ച് 30/06/2019 വരെ ലഭിക്കുന്ന അപ്പീലുകൾ പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**ഗീത എൽ**
**സ്പെഷ്യൽ സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് തലവൻമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം
എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്
തദ്ദേശ സ്വയംഭരണ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
ഭവന നിർമ്മാണ വകുപ്പ്
ധനകാര്യ വകുപ്പ്
റവന്യൂ (ഡി.ആർ.എഫ് ) വകുപ്പ്
ഗ്രാമവികസന വകുപ്പ്

[illegible]

തിരുവനന്തപുരം

പൊതുജന സമ്പർക്ക വകുപ്പ് (Web and New Media

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്

റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്

റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്

റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്

ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-ക്ക്

ഡി.എം.(ബി) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് കത്ത് നം.ബി4-15146/2018/ഡി.ഐ.എം.എസ്, തീയതി:02-07-2019**

**മേൽ സർക്കാർ ഉത്തരവ് അറിവിലേയ്ക്കും അനന്തര നടപടികൾക്കായും ഉള്ളടക്കം ചെയ്യുന്നു.**

**ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർക്ക് വേണ്ടി.**

**സ്വീകർത്താവ്.**

**എല്ലാ സ്ഥാപനമേധാവികളും/ വെബ്സൈറ്റ്.**

ജെ.റ്റി/-